# STATE INSTITUTE OF EDUCATIONAL MANAGEMENT AND TRAINING-KERALA
# (SIEMAT-KERALA)

M.G. Road, East Fort, Thiruvananthapuram-695036, Kerala
Phone No: 0471-2460343, 2477274
Website : www.siemat.kerala.gov.in E-mail : director.siemat@kerala.gov.in


സീമാറ്റ്/എഡി.എ 2/313/2023 11/05/2023

## ക്വട്ടേഷൻ നോട്ടീസ്

സീമാറ്റ് – കേരള 2023 – 24 സാമ്പത്തിക വർഷം ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ചും വിവിധ കേന്ദ്രങ്ങളിലും വച്ച് നടത്തുന്ന പരിശീലനങ്ങൾ അടക്കമുള്ള പരിപാടികളുമായി ബന്ധപ്പെട്ട യാത്രകൾക്കായി വാഹനം (കാർ) ദിവസ വാടകയ്ക്ക് നൽകുവാൻ പ്രാപ്തിയും താല്പര്യവുമുള്ള ഏജൻസികളിൽ നിന്നും/കക്ഷികളിൽ നിന്നും മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. വിശദാംശങ്ങളും ക്വട്ടേഷൻ സമർപ്പിക്കേണ്ട വിധവും താഴെ കൊടുക്കുന്നു.

**വിശദാംശങ്ങൾ**

- വാടകയ്ക്ക് നൽകാൻ കഴിയുന്ന ബ്രാൻഡ്/മോഡൽ വാഹനങ്ങളുടെ വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.
- എല്ലാ നികുതികളും അടക്കമുള്ള പ്രതിദിന വാടക എത്ര ആയിരിക്കുമെന്നതാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.
- വാഹനം ഓടുന്ന സമയത്തിനും, വാഹനം ഓടുന്ന കി.മീറ്ററിനും അനുസരിച്ച് റേറ്റിലുണ്ടാകുന്ന വ്യത്യാസം വ്യക്തമായി കാണിച്ചിരിക്കേണ്ടതാണ്.
- ഡ്രൈവർ ഉൾപ്പെടെ 5 പേർക്കും 7 പേർക്കും യാത്ര ചെയ്യാവുന്ന വാഹനങ്ങൾക്കുള്ള നിരക്കുകൾ പ്രത്യേകം പ്രത്യേകം ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.

**ക്വട്ടേഷൻ സമർപ്പിക്കേണ്ട വിധം**

- ക്വട്ടേഷൻ സമർപ്പിക്കുന്ന എൻവലപ്പിന് മുകളിൽ ***വാഹനം വാടകയ്ക്ക് നൽകുന്നതിനുള്ള ക്വട്ടേഷൻ*** എന്ന് രേഖപ്പെടുത്തിയിരിക്കണം.
- ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതി 27/05/2023 വൈകുന്നേരം 3 മണിവരെ ആയിരിക്കും.
- വൈകി ലഭിക്കുന്ന ക്വട്ടേഷനുകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.
- യഥാസമയം ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേദിവസം (27/05/2023 ) വൈകിട്ട് 4 മണിക്ക് തദ്ദവസരത്തിൽ ഹാജരുള്ള ക്വട്ടേഷനർമാരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതായിരിക്കും.

യാതൊരു കാരണവും കാണിക്കാതെ ക്വട്ടേഷനുകൾ നിരസിക്കുന്നതിനും, ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്ന തീയതിയും സമയവും മാറ്റിവയ്ക്കുന്നതിനും ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട വിലാസം –

**ഡയറക്ടർ**
**സീമാറ്റ്കേരള**
**ഗവ. സെൻട്രൽ ഹൈസ്കൂൾ കോമ്പൗണ്ട്**
**എം.ജി റോഡ്**
**തിരുവനന്തപുരം**
**പിൻ 695036.**

ഡയറക്ടർ

നോട്ടീസ് ബോർഡ്
സീമാറ്റ് – കേരള വെബ്സൈറ്റ്